

# LOURDE VOICE
# ലൂർദ്ദ് വോയ്സ്

Lourdes Forane Church Monthly Newsletter, Gandhipuram | SEP 2018


## പുതിയ തുടക്കം അനുഗ്രഹമാകട്ടെ...



ഫാ. ജോസഫ് പുത്തൂർ
ഇടവക വികാരി

### ഇടയമൊഴി

ഇടവകയുടെ മുഖപത്രമായി 'ലൂർദ്ദ് വോയ്സ്' എന്ന പാരിഷ് ബുള്ളറ്റിൻ ഈ മാസം മുതൽ ആരംഭിക്കുകയാണ്. വികസിതമായ രൂപതയുടെ പ്രത്യേക പശ്ചാത്തലത്തിൽ വ്യത്യസ്തങ്ങളായ വേദികളിൽ ചർച്ച ചെയ്യപ്പെട്ടതിന്റെ വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ തീരുമാനപ്രകാരം 'ത്രിയേകം' ബുള്ളറ്റിൻ പ്രസിദ്ധീകരണം ആഗസ്റ്റ് മാസത്തോടെ അവസാനിച്ചിരിക്കുകയാണല്ലോ. പലർക്കും ഇക്കാര്യത്തിൽ ഭിന്നമായ അഭിപ്രായങ്ങളുണ്ടെങ്കിലും എല്ലാം നന്മക്കായി തമ്പുരാൻ മാറ്റും എന്ന പ്രത്യാശയോടെ ഈ തീരുമാനത്തെ നമുക്കു നോക്കിക്കാണാം. രൂപതയുടെ വളർച്ചയുടെ പടവുകളായി സാധിക്കുന്ന എല്ലാ ഇടവകകളിലും പാരിഷ് ബുള്ളറ്റിന്റെ പ്രസിദ്ധീകരണം ആരംഭിക്കുവാൻ അവസരമുണ്ടാകട്ടെ എന്നാശംസിക്കാം.

പുതുതായി ഒരു ബുള്ളറ്റിൻ പുറത്തിറങ്ങുക എന്നത് ശ്രമകരമായ ഉദ്യമമാണ്. നിരവധി പേരുടെ കൂട്ടായ സഹകരണം ഇതിന് ആവശ്യമാണ്. ഇടവകയിലെ എല്ലാ സംഘടനകളുടേയും കുടുംബ യൂണിറ്റുകളുടേയും വിവിധ കമ്മിറ്റികളുടേയും ക്രിയാത്മകമായ സഹകരണം ഉണ്ടായാൽ മാത്രമേ ഈ പരിശ്രമം നന്നായി മുന്നോട്ട് കൊണ്ടുപോകുവാൻ നമുക്കു സാധിക്കുകയുള്ളൂ. ബുള്ളറ്റിനിൽ വരേണ്ടതായ വാർത്തകൾ, വിശേഷങ്ങൾ, മറ്റു രചനകളെല്ലാം കൃത്യമായി നിശ്ചയിക്കപ്പെട്ട തിയ്യതിക്കു മുമ്പായി ബന്ധപ്പെട്ടവരെ ഏൽപ്പിച്ചാലാണ് ഓരോ മാസവും കൃത്യമായ സമയത്ത് വാർത്ത ബുള്ളറ്റിൻ പ്രസിദ്ധീകരിക്കാനാവൂ. ഇതിനായി ബന്ധപ്പെട്ട എല്ലാവരും ആത്മാർത്ഥമായി പ്രയത്നിക്കണമെന്ന് ഓർമ്മപ്പെടുത്തട്ടെ.

പാരിഷ് ബുള്ളറ്റിൻ ക്രമപ്പെടുത്തുവാനും, അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുവാനുമായി ഗാന്ധിപുരം ഇടവക ദൈവാലയത്തിലേയും, ഹോളി ഫാമിലി മിഷൻ സെന്ററിലേയും വിവിധങ്ങളായ ശ്രുശൂഷാമേഖലകളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. പ്രസ്തുത കൂട്ടായ്മയിൽ വികാരിയച്ചൻ, കൊച്ചച്ചൻ, വേദപാഠം അദ്ധ്യാപകരായ Sr. മരിയ സെലിൻ, Sr. തെരേസ് ജോൺ, C.I.പൗലോസ്, അജിമോൾ ആന്റണി, ദീപ ബിജു, ടീന ഫെലിക്സ്, കൈക്കാരന്മാരായ പോൾസൺ C.F., സിഫി ജേക്കബ്, സംഘടനാ പ്രതിനിധികളായി ജോഫി C.J., ജെയിംസ് P.J., ബീന മാത്യു, ബേബി ഡേവിസ്, ഇടവക മാധ്യമ പ്രതിനിധികളായ ജെയിംസ് MA, ഫെലിക്സ് P.S.എന്നിവരെ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇടവക പത്രികയ്ക്ക് പേര് നിർദ്ദേശിക്കുവാൻ അവസരം ഒരുക്കിയപ്പോൾ അതിലേക്ക് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു. ബുള്ളറ്റിൻ കമ്മിറ്റിക്ക് ലഭിച്ച കുറെ പേരുകളിൽ നിന്നും പൊതുവേ സ്വീകാര്യമായതും, രൂപതാ ബുള്ളറ്റിനോട് ചേർന്നുപോകുന്നതുമായ 'ലൂർദ്ദ് വോയ്സ് ' എന്ന പേരാണ് തെരഞ്ഞെടുക്കപ്പെട്ടത്. രണ്ടു പേർ ഈ പേര് നിർദ്ദേശിച്ചിരുന്നു. അത്തിപാളയം മിഷൻ സെന്ററിലെ ശ്രീമതി ബേബി ഡേവിസും, സ്വന്തം പേരെഴുതാതെ ബുള്ളറ്റിന്റെ പേരു നിർദ്ദേശിച്ചിരിക്കുന്ന മറ്റൊരാളും. രണ്ടുപേർക്കും അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

ലൂർദ്ദ് വോയ്സിൽ ഇടവകാംഗങ്ങളുടെ ജന്മദിനത്തിന്റെയും, വിവാഹ വാർഷികത്തിന്റെയും, ചരമദിനത്തിന്റെയും അനുസ്മരണം അതാത് മാസങ്ങളിൽ നൽകാവുന്നതാണ്. പ്രാർത്ഥനയ്ക്കും,കൂട്ടായ്മക്കും,ഇടവകപത്രികയ്ക്കാവശ്യമായ സാമ്പത്തികമാർഗ്ഗത്തിനും ഈ ഉൾചേർക്കൽ സഹായകരമാകും. വ്യാപാരസ്ഥാപനങ്ങളുടെ പരസ്യങ്ങൾ ഇടവകപത്രികയിൽ ഒഴിവാക്കി മുകളിൽ സൂചിപ്പിച്ച ഇടവകബന്ധിയായ അനുസ്മരണങ്ങൾക്ക് പ്രാധാന്യം നൽകാനാണ് എഡിറ്റേഴ്സ് പരിശ്രമിക്കുന്നത്. ഇടവകാംഗങ്ങളുടെ സഹകരണം ഇതിലേക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇടവക പ്രവർത്തനങ്ങൾ അറിയുവാനും, പരസ്പരം പ്രോത്സാഹിപ്പിക്കുവാനും, ഇടവകാംഗങ്ങളുടെ വിവിധങ്ങളായ സിദ്ധികളും കഴിവുകളും വളർത്തുവാനും ഇടവക ബുള്ളറ്റിൻ തീർച്ചയായും ഉപകാരപ്രദമാകും. ഇടവകയിലെ വിവിധങ്ങളായ ശ്രുശ്രൂഷകൾ, ശ്രുശ്രൂഷകർ, ശ്രുശ്രൂഷാസമയം, ശ്രുശ്രൂഷാസഹായം എന്നിവ അറിയുന്നതു വഴി ഇടവകയോടു ചേർന്നു പ്രവർത്തിക്കുവാനും, നമ്മുടെ യാത്രകളും മറ്റു പരിപാടികളും മുൻകൂട്ടി ക്രമീകരിക്കാനും നമുക്കു സാധിക്കും. ലൂർദ്ദ് വോയ്സ് അങ്ങനെ എല്ലാ പ്രകാരത്തിലും അനുഗ്രഹമാകട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

## കുരിശ് : രക്ഷയുടെ അടയാളം

വീട്ടിൽ ചെന്നാൽ മാതാപിതാക്കളുടെ നിർബന്ധം. വൈദീകരേയോ സിസ്റ്റേഴ്സിനേയോ കണ്ടാൽ അവരും നിർബന്ധിക്കും പള്ളിയിൽ പോകണം, അനുദിനം വി.കുർബാനയിൽ പങ്കെടുക്കണം എന്നൊക്കെ. സാധാരണ കുട്ടികളിൽ നിന്നും കേൾക്കുന്ന ഒരു പരാതിയാണിത്. എന്തിനാണ് അവർ നിങ്ങളെ ഇത്രമാത്രം നിർബന്ധിക്കുന്നതെന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഞായറാഴ്ച ക്രിസ്ത്യാനികൾ കൂട്ടം കൂട്ടമായി പള്ളിയിൽ പോകുന്നത് ഒരു സാധാരണ ദൃശ്യമാണ്. അത്രതന്നെ വലുതല്ലാത്ത സംഘങ്ങൾ മറ്റു ദിവസങ്ങളിലും രാവിലെ പള്ളിയിൽ പോകാറുണ്ട്. കഴിഞ്ഞ രണ്ടായിരത്തോളം വർഷങ്ങളായി നിരന്തരം ആവർത്തിക്കുന്നതാണ് ഈയൊരു പ്രതിഭാസം. എന്തിനാണ് ഇവരൊക്കെ പള്ളിയിൽ പോകുന്നത്? വെറും പ്രാർത്ഥനാ യോഗമല്ല ക്രിസ്തീയ ദൈവാലയത്തിൽ നടക്കുന്നത്. ലോകചരിത്രത്തിന്റെ തന്നെ ഗതിമാറ്റി മറിച്ച ഒരു സംഭവത്തിന്റെ ഓർമ്മ പുതുക്കാനും ആ സംഭവം ആഘോഷിക്കാനും വേണ്ടിയാണ് നമ്മൾ ക്രൈസ്തവർ ദൈവാലയത്തിൽ പോകുന്നത്. ആ മഹത്തായ സംഭവം മറ്റൊന്നുമല്ല, യേശുക്രിസ്തുവിന്റെ മരണവും ഉത്ഥാനവുമാണത്. ഓരോ വി.കുർബാനയിലും യേശുക്രിസ്തുവിന്റെ ജനനമരണ ഉത്ഥാനങ്ങളിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. ക്രിസ്തുവിന്റെ രക്ഷാകരരഹസ്യത്തിൽ വലിയ പങ്കുവഹിച്ച കുരിശിലേക്ക് ഈ സെപ്റ്റംബർ മാസം നമ്മുടെ ശ്രദ്ധതിരിക്കുന്നത് ഉചിതമായിരിക്കും.



കാരണം സെപ്റ്റംബർ 14-ാം തിയ്യതി തിരുസഭ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുകയാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മാത്രമേ ഈ കുരിശിന്റെ സുവിശേഷത്തെ നമുക്കു മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. നാശത്തിൽ ചരിക്കുന്നവർക്കിത് ഭോഷത്തവും, രക്ഷയിലൂടെ ചരിക്കുന്നവർക്ക് ദൈവത്തിന്റെ ശക്തിയുമാണ്. സ്വർഗ്ഗത്തേയും, ഭൂമിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന സ്നേഹത്തിന്റെ അടയാളമാണ് കുരിശ്. തിന്മയെ നന്മകൊണ്ട് കീഴടക്കിയ മഹത്തായ വിജയമാണ് കുരിശ്.

തികഞ്ഞ ക്രിസ്തുമത വിരോധിയായിരുന്ന കോൺസ്റ്റന്റയിൻ ചക്രവർത്തി, പരാജയം ഉറപ്പായ യുദ്ധത്തിൽ കുരിശിന്റെ അടയാളത്തിൽ അത്ഭുതകരമായ വിജയം നേടിയെടുത്തതായി ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം വിശ്വസിച്ചിരുന്ന റോമൻ ദേവന്മാരെയെല്ലാം വിളിച്ച് പ്രാർത്ഥിച്ചിട്ടുംവിജയസാധ്യതയുണ്ടാകാതെ വന്നപ്പോൾ ഒരു രാത്രി കൊട്ടാരത്തിന്റെ മട്ടുപ്പാവിൽ കയറി നിന്ന് ആകാശത്തേക്ക് നോക്കി തന്റെ നിസ്സഹായവസ്ഥ ഏറ്റു പറഞ്ഞു കൊണ്ട് കോൺസ്റ്റന്റയിൻ ചക്രവർത്തി ക്രിസ്ത്യാനികളുടെ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു. തത്സമയം പ്രകാശിക്കുന്ന ഒരു കുരിശ് കാണപ്പെടുകയും അതിനടിയിൽ ലത്തീൻ ഭാഷയിൽ HOC SIGNO VINCES - ഈ അടയാളത്തിൽ നീ വിജയിക്കും - എന്ന് കാണുകയും ചെയ്തു. അടുത്ത ദിവസം രാജാവ് താൻ ദർശിച്ച കുരിശിന്റെ മാതൃകയിൽ ഒരു കുരിശ് നിർമ്മിച്ച് സൈന്യത്തിന്റെ മുന്നിൽ പിടിച്ച് മുന്നേറാൻ ആജ്ഞാപിക്കുകയും യുദ്ധത്തിൽ അത്ഭുതകരമായി വിജയിക്കുകയും ചെയ്തു. വിജയശ്രീലാളിതനായ ചക്രവർത്തി കുടുംബസമേതം ക്രിസ്തുമതം സ്വീകരിക്കുകയും A.D. 313 ലെ മിലാൻ വിളംബരത്തിലൂടെ ക്രിസ്തുമതത്തെ റോമിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് 'വിശുദ്ധ കുരിശിന്റെ അടയാളത്താൽ ഞങ്ങളുടെ ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ., ഞങ്ങളുടെ തമ്പുരാനെ എന്ന പ്രാർത്ഥന എഴുതിയുണ്ടാക്കിയതും, മാർപ്പാപ്പയുടെ അംഗീകാരത്തോടെ പ്രചരിപ്പിച്ചതും കോൺസ്റ്റന്റയിൻ ചക്രവർത്തിയാണ്.

A.D.335 മുതൽ ജറുസെലേമിലും, അഞ്ചും ആറും നൂറ്റാണ്ടു മുതൽ ഗ്രീക്ക് സഭയിലും ലത്തീൻ സഭയിലും കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ കൊണ്ടാടി തുടങ്ങി. വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ വി.കുരിശിനോടുള്ള ഭക്തിയിലും, ബഹുമാനത്തിലും ജീവിക്കാം.... എന്തു കാര്യം ചെയ്യാൻ തുടങ്ങുമ്പോഴും വി.കുരിശിന്റെ അടയാളത്തിൽ ആരംഭിക്കുന്നതിനും പൂർത്തിയാക്കപ്പെടുന്നതിനും ശ്രദ്ധിക്കാം.... കുരിശ് ഭയം ജനിപ്പിക്കുന്ന ഒരു അടയാളം എന്നതിനേക്കാൾ രക്ഷയിലേക്ക് നയിക്കുന്ന രക്ഷയുടെ അടയാളമാണെന്ന തിരിച്ചറിവിലേക്ക് കടന്നുവരാൻ വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നമ്മെ സഹായിക്കട്ടെ.!



ഫാ. ലിബിൻ ചിറയത്ത്
കൊച്ചച്ചൻ

# പൊതുവാർത്തകൾ

## നവീകരണ മുന്നേറ്റം

**ഏകദിനധ്യാനം**

രൂപതാ കരിസ്മാറ്റിക്ക് കൂട്ടായ്മയുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസത്തിലെ ഏകദിനധ്യാനം പതിവു പോലെ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയത്തിൽ സെപ്റ്റംബർ 1 മാസാദ്യ ശനിയാഴ്ച രാവിലെ 9.00 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ ഉണ്ടായിരിക്കുന്നതാണ്. അന്നേദിവസം ധ്യാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് ഫാ. ബിസ്റ്റൻ കൂള CMI ആയിരിക്കും.

**ജാഗരണ പ്രാർത്ഥന**

സെപ്റ്റംബർ മാസത്തെ ജാഗരണ പ്രാർത്ഥന ഉക്കടം സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ 7-ാം തിയതി വെള്ളിയാഴ്ച രാത്രി 9.00 മണിക്ക് ആരംഭിച്ച് 8-ാം തിയതി ശനിയാഴ്ച പുലർച്ചെ 2.00 മണിക്ക് അവസാനിക്കുന്നു. അന്നേ ദിനം ശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം വഹിക്കുന്നത്, ബ്രദർ ജോൺസൻ രാജഗിരി ആയിരിക്കും. രാത്രിയുടെ യാമങ്ങളിൽ ദൈവസന്നിധിയിൽ ത്യാഗത്തോടെ പ്രാർത്ഥിക്കാം, അനുഗ്രഹങ്ങൾ സ്വന്തമാക്കാം.

## സീറോമലബാർ മാതൃവേദി

**സെമിനാർ - രൂപതാതലം**

രൂപതയിലെ മാതൃവേദി അംഗങ്ങൾക്കായുള്ള സെമിനാർ (ജീവിതമൂല്യങ്ങളും മക്കളും) സെപ്റ്റംബർ 13-ാം തിയതി രാമനാഥപുരത്ത് വച്ച് നടത്തപ്പെടുന്നു. എല്ലാ അമ്മമാരും അതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**കവിതാ രചന - ഫൊറോന തലം**

'സഹരക്ഷകയായ അമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി 32 വരികളിൽ കവിയാതെ കവിതാരചന മത്സരം നടത്തപ്പെടുന്നു. ഇടവകയിൽ നിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കവിതകൾ ഫൊറോനതല മത്സരത്തിനായി അയയ്ക്കുന്നതാണ്. ഇംഗ്ലീഷ്, മലയാളം, തമിഴ് ഭാഷകളിൽ കവിത എഴുതാവുന്നതാണ്.

## സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യ ദിനാഘോഷവും

ഓഗസ്റ്റ് 15ന് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും, ഭാരതത്തിന്റെ 72-ാം സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വികാരിയച്ചൻ അന്നേ ദിനം ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. ദിവ്യബലിയ്ക്ക് ശേഷം മേരി റാണി സ്കൂളിലെ സ്റ്റാഫിനോടും, വിദ്യാർത്ഥികളോടും ചേർന്ന് ദേശീയ പതാക ഉയർത്തുകയും, സ്വാതന്ത്ര്യ ദിനസന്ദേശം നൽകുകയും ചെയ്തു. വിദ്യാർത്ഥികളുടെ പരേഡും വിവിധ കലാപരിപാടികളും ആഘോഷങ്ങൾക്ക് മാറ്റു കൂട്ടി.



## വൈദികർക്കായുള്ള വാർഷികധ്യാനം

സെപ്റ്റംബർ 24 തിങ്കളാഴ്ച മുതൽ 29 ശനിയാഴ്ച വരെ രൂപതാ മൈനർ സെമിനാരിയിൽ വൈദികർക്കായുള്ള വാർഷികധ്യാനം ഉണ്ടായിരിക്കുന്നതാണ്. ധ്യാന ദിവസങ്ങളിൽ വൈദികർക്കായി നമുക്ക് പ്രത്യേകം പ്രാർത്ഥിയ്ക്കാം. ചൊവ്വ മുതൽ ശനി ഉൾപ്പെടെയുള്ള ദിവസങ്ങളിൽ വൈകിട്ട് 6.00 മണിക്കുള്ള വി.കുർബാന മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

## പാസ്റ്ററൽ കൗൺസിൽ സമ്മേളനം

രൂപതയുടെ 4-ാം പാസ്റ്ററൽ കൗൺസിലിന്റെ 6-ാം സമ്മേളനം 08.09.2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമനാഥപുരം കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ചായിരിക്കും. സാധാരണ മീറ്റിംഗിൽ പങ്കുചേരുന്ന അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളും കൂടാതെ യുവജന സംഘടനയുടെയും (SMYM) ജീസസ്സ് യൂത്തിന്റെയും രൂപതാ- ഫെറോന - ഇടവക ഭാരവാഹികളും മറ്റു കമ്മിറ്റിയംഗങ്ങളും ഈ മീറ്റിംഗിൽ പങ്കുചേരണം. (ക്ഷണക്കത്ത് പ്രത്യേകം അയയ്ക്കുന്നതല്ല).

## ഓർമ്മിക്കേണ്ട ദിവസങ്ങൾ

### സെപ്റ്റംബർ 2018

01. പ. കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ഒരുക്കമായുള്ള എട്ട് നോമ്പ് ആരംഭം.
05. വി. മദർ തെരേസ
08. പ. കന്യകാമറിയത്തിന്റെ ജനനതിരുനാൾ
13. വി. ജോൺ ക്രിസോസ്റ്റം
14. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ (ഈശോയുടെ തിരുക്കുരിശ് കണ്ടെത്തിയതിന്റെ ഓർമ്മ)
16. രൂപതാ യുവജന കൺവെൻഷൻ (അൽവേർണിയാ സ്കൂൾ, രാമനാഥപുരം)
21. മത്തായി ശ്ലീഹാ

24 -29 വൈദികരുടെ വാർഷിക ധ്യാനം

27. വി. വിൻസെന്റ് ഡി പോൾ
29. പ്രധാന മാലാഖമാരായ മിഖായേൽ, ഗബ്രിയേൽ, റാഫേൽ
30. വി. ജെറോം

## വിശ്വാസപരിശീലനം

**ലോഗോസ് ക്വിസ്**

23.09.2018 ഞായറാഴ്ച 4-ാംക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ലോഗോസ് ക്വിസ് ഉണ്ടായിരിക്കുന്നതാണ്.

സമയം : 10.00 am മുതൽ 12.00 noon വരെ.

പഠന ഭാഗം : വി.മത്തായി - അധ്യായം 10 മുതൽ 28 വരെ.

30.09.2018 ഞായറാഴ്ച മുതിർന്നവർക്കുള്ള (C,D,E,Fവിഭാഗം) ലോഗോസ് ക്വിസ് നടത്തപ്പെടുന്നു. സമയം : 2.00 pm മുതൽ 3.30 pm വരെ.

പഠന ഭാഗം : നിയമാവർത്തനം : 1-11 അധ്യായങ്ങൾ; പ്രഭാഷകൻ : 1-10 അധ്യായങ്ങൾ; മത്തായി : 10-18 അധ്യായങ്ങൾ; വെളിപാട് : 10-16 അധ്യായങ്ങൾ

**CML കുട്ടികൾക്കായുള്ള ധ്യാനം**

ഇടവകയുടെ ഗോൾഡൻ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 27,28,29 തിയ്യതികളിൽ ക്രമീകരിച്ചിരിക്കുന്ന ധ്യാനത്തിൽ എല്ലാ കുട്ടികളേയും പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.കുട്ടികൾക്കായുള്ള ധ്യാനങ്ങളിൽ പ്രശസ്തനായ ഫാ.ജോൺ കൂരൻ, C.Ss.R ആയിരിക്കും ഇതിന് നേതൃത്വം നൽകുന്നത്. അവധിക്കാലം ക്രമീകരിച്ച് ഈ ദിവസങ്ങളിൽ മറ്റു പരിപാടികൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

## പ്രാർത്ഥനാ യജ്ഞം

പ്രളയക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന കേരള ജനതയ്ക്കു വേണ്ടി അഭിവന്ദ്യപിതാവ് മാർപോൾ ആലപ്പാട്ടിന്റെ ആഹ്വാനപ്രകാരം രൂപതാ കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ഗാന്ധിപുരം ലൂർദ് ഫൊറോനാ ദൈവാലയത്തിലെ നിത്യാരാധനാലയത്തിൽ 40 മണിക്കൂർ കരുണയുടെ ജപമാല സമർപ്പിച്ചു. ഓഗസ്റ്റ് 17 വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ 18 ശനിയാഴ്ച രാത്രി 12 മണി വരെ നടന്ന ആരാധനയിൽ അനേകർ ദൈവത്തിന്റെ അനന്തകരുണയ്ക്കായി പ്രാർത്ഥിച്ചു. ഈ ആരാധനാ മണിക്കൂറുകളിൽ ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥനയോടെ ആയിരുന്ന ഏവരേയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## കൈത്താങ്ങായി കേരളത്തിനൊപ്പം

പ്രളയ ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് ആവശ്യ സാധനങ്ങൾ (ഭക്ഷണവും വസ്ത്രവുമുൾപ്പെടെ) സംഘടനാ, കടുംബ യൂണിറ്റടിസ്ഥാനങ്ങളിൽ ശേഖരിച്ച് പല ഘട്ടങ്ങളായി ദുരിതബാധിത പ്രദേശങ്ങളിൽ എത്തിക്കുകയുണ്ടായി. ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിലെയും, ഹോളി ഫാമിലി മിഷൻ സെന്ററിലേയും മാതൃ - പിതൃവേദി അംഗങ്ങൾ നിശ്ചിത തുക സമാഹരിച്ച് ദുരിതാശ്വാസ നിധിയിലേക്ക് നൽകി. പണമായി ലഭിച്ച തുക ബന്ധപ്പെട്ടവരെ ഏൽപിക്കുകയും ചെയ്തു. സഹകരിച്ചവരേയും, സാമ്പത്തിക സഹായം നൽകിയവരേയും നന്ദിയോടെ ഓർക്കുന്നു.

## സീറോ മലബാർ യൂത്ത് മൂവ്മെന്റ് (SMYM) യുവജന സംഗമം - Revive 2018

ആഗോള കത്തോലിക്കാ സഭയിലെ യുവജന വർഷത്തോടും ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയ സുവർണ്ണജൂബിലി വർഷത്തോടും അനുബന്ധിച്ച് ഇടവകയിലെ SMYM സംഘടനയുടെ നേതൃത്വത്തിൽ യുവജന സംഗമം - Revive 2018 ആഗസ്റ്റ് 5 ഞായറാഴ്ച ഗാന്ധിപുരത്ത് വെച്ച് ഫൊറോന തലത്തിൽ നടത്തപ്പെട്ടു. ക്രിസ്തുവിന്റെ സുവിശേഷത്തിനായി മുന്നോട്ടു വച്ച കാലടികൾ തിരിച്ചെടുക്കാതെ പ്രതിസന്ധികളെ വീരോചിതമായി നേരിട്ട് സുവിശേഷ വേലയ്ക്ക് മഹനീയമാതൃക നൽകികൊണ്ട് ജീവിക്കുന്ന ബഹുമാനപ്പെട്ട ടോം ഉഴുന്നാലിൽ അച്ചൻ അന്നേ ദിവസം 8.30ന്റെ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കുകയും യുവജന സെമിനാർ നയിക്കുകയും ചെയ്തു. അന്നേ ദിവസം ഗാന്ധിപുരം ഫൊറോനയുടെ കീഴിലുള്ള ഇടവകകളിലെ യുവജനങ്ങൾക്കായി ഓണപ്പാട്ട് മൽസരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തു. ഗാന്ധിപുരം, അത്തിപാളയം ഇടവകകളിലെ എല്ലാ യൂണിറ്റുകൾക്കുമായുള്ള ഓണപാട്ട്, പൂക്കളം മൽസരങ്ങൾ നടത്തുകയും ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് ട്രോഫികളും, കാഷ് അവാർഡുകളും നൽകുകയും ചെയ്തു. പങ്കെടുത്ത എല്ലാ യുവജനങ്ങൾക്കും യൂണിറ്റ് അംഗങ്ങൾക്കും SMYM സംഘടനയുടെ പേരിൽ നന്ദി അറിയിക്കുന്നു.

ഗാന്ധിപുരം ഫൊറോന തലത്തിൽ ഇടവകകളിലെ SMYM യൂണിറ്റുകൾക്ക് വേണ്ടി നടത്തിയ ഓണപ്പാട്ടു മത്സരത്തിൽ സമ്മാനം നേടിയവർ

1-ാം സമ്മാനം - St. Joseph Church, Kaundampalayam

2-ാം സമ്മാനം - Good Shepherd Church, Karamadai

ഗാന്ധിപുരം ഇടവകയിലേയും, ഹോളി ഫാമിലി മിഷൻ സെന്ററിലേയും കുടുംബ യൂണിറ്റുകൾക്കു വേണ്ടി നടത്തപ്പെട്ട പൂക്കള മത്സരത്തിൽ സമ്മാനം നേടിയവർ

1-ാം സമ്മാനം - St. Joseph Unit; 2-ാം സമ്മാനം - St. Peter Unit; 3-ാം സമ്മാനം - St. Paul Unit

ഗാന്ധിപുരം ഇടവകയിലേയും, ഹോളി ഫാമിലി മിഷൻ സെന്ററിലേയും കുടുംബ യൂണിറ്റുകൾക്കു വേണ്ടി നടത്തപ്പെട്ട ഓണപ്പാട്ട് മത്സരത്തിൽ സമ്മാനം നേടിയവർ

1-ാം സമ്മാനം - St. Paul Unit 2-ാം സമ്മാനം - St. Thomas Unit

പ്രോഗ്രാം നടത്തുവാൻ പല രീതികളിൽ സഹായഹസ്തങ്ങൾ നീട്ടിയ എല്ലാ കുടുംബങ്ങൾക്കും, മാതൃവേദി, പിതൃവേദി അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.



# ഗാന്ധിപുരം ലൂർദ്ദ് ഫൊറോന ദൈവാലയ വാർത്തകൾ

## പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ (എട്ട് നോമ്പാചരണം)

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ചുള്ള എട്ട്നോമ്പാചരണം സെപ്റ്റംബർ 01 മുതൽ ആരംഭിക്കുന്നു. ഈ ദിവസങ്ങളിലുള്ള ദിവ്യബലി, നൊവേന, ലദീഞ്ഞ് , അഖണ്ഡ ജപമാല എന്നീ ശുശ്രൂഷകളിൽ പങ്കെടുത്ത് പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാൻ പരിശ്രമിക്കുമല്ലോ.

**സെപ്റ്റംബർ**

1ശനി - 6:00 am വി.കുർബാന, കൊടിയേറ്റം, കപ്പേളയിൽ നൊവേന, ലദീഞ്ഞ്
2 ഞായർ - 6:30 am വി.കുർബാന, നൊവേന, ലദീഞ്ഞ് ; 8:30am, 5:30pm ദിവ്യബലി
3 തിങ്കൾ മുതൽ 7 വെള്ളി വരെ 6:00 am വി.കുർബാന, നൊവേന, ലദീഞ്ഞ്
സെപ്റ്റംബർ 8 ശനിയാഴ്ച രാവിലെ 6 മണിക്കുള്ള വി. കുർബാനയ്ക്കു ശേഷം യൂണിറ്റ് - സംഘടന അടിസ്ഥാനത്തിൽ അഖണ്ഡ ജപമാല ഉണ്ടായിരിക്കുന്നതാണ്.
സെപ്റ്റംബർ 8 ശനി - 5:00 pm തിരുനാൾ കുർബാന, പള്ളി ചുറ്റി ജപമാല പ്രദക്ഷിണം, നൊവേന, ലദീഞ്ഞ്, മാതാവിന് കിരീടം, വള സമർപ്പണം, നേർച്ച വിതരണം

## അൾത്താരബാലസംഘം

12.08.2018ന് അൾത്താരബാലസംഘം വി. ജോൺ ബർക്കുമൻസിന്റെ തിരുനാൾ ആഘോഷിച്ചു. അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കുമൻസിനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും ഈ തിരുനാൾ ആഘോഷം അവരെ സഹായിച്ചു. ദിവ്യബലിയിൽ അൾത്താര ബാലന്മാർ കാഴ്ച സമർപ്പണം നടത്തി ദൈവാനുഗ്രഹം സ്വീകരിച്ചു. അൾത്താരസംഘത്തിൽ കഴിഞ്ഞ കാലങ്ങളിൽ ശുശ്രൂഷ ചെയ്തിരുന്ന ക്രിസ് ജോൺസൻ തിരുനാൾ ദിനത്തിലെ നേർച്ച ചിലവുകൾ ഏറ്റെടുത്ത് നടത്തുകയുണ്ടായി. അന്നേദിവസത്തെ അലങ്കാരം നടത്താൻ സഹായിച്ച അനിമേറ്റർ സിസ്റ്റർ ലിസ ജോർജ്ജിന് പ്രത്യേകം നന്ദി.

## എട്ടു നോമ്പിനോട് അനുബന്ധിച്ചുള്ള തിരുനാൾ ദിവസങ്ങളിൽ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കേണ്ടവർ

1.09.2018 ശനി - കാറ്റികിസം (അദ്ധ്യാപകർ, CML, അൾത്താരബാലസംഘം, തിരുബാല സഖ്യം)
2.09.2018 ഞായർ - ഗായക സംഘം
3.09.2018 തിങ്കൾ - ബഹു. സിസ്റ്റേഴ്സ്
4.09.2018 ചൊവ്വ - മാതൃവേദി
5.09.2018 ബുധൻ - പിതൃവേദി
6.09.2018 വ്യാഴം - യുവജനങ്ങൾ
7.09.2018 വെള്ളി - പ്രാർത്ഥനാ കൂട്ടായ്മ
8.09.2018 ശനി - ഇടവക

## അഖണ്ഡ ജപമാലയുടെ സമയക്രമം (8.09.2018 ശനി)

8:00am to 9:00 am - St. Francis Xavier
9:00am to 10:00 am - St. Sebastian
10:00am to 11:00am - St. Paul
11:00am to 12 noon - St. Peter
12noon to 1:00 pm - St. Joseph & St. Maria Vianney
1:00pm to 2:00pm - St. Vincent De Paul & St. George
2:00pm to 3:00 pm - - St. Thomas
3:00pm to 4:00 pm - St. Mary's & St. Alphonsa
4:00pm to 5:00pm - - Little Flower & St.Antony

## കുടുംബ സമ്മേളനങ്ങൾ

**09.09.2018**

4:00 pm : St.Paul Unit - Mr.P.A.Vincent, Pallikkunnath House, 92450 47247
5:30 pm : St.Alphonsa Unit - Mr.S.Martin Poovathinal House, 98431 53174
6:45 pm : St.Sebastian Unit - Mr.Varghese C.J., Chiriyankandath House, 96550 21499
6:45 pm : St.Thomas Unit - Mr.Joju, Nilayattingal House, 98430 22399

**16.09.2018**

6:45 pm : St.Joseph Unit - Mr.K.P.Johnson, Kumbilu Veetil, 90438 21173
6:45 pm : Little Flower Unit - Mr.T.I.Rappai, Thattil House, 99941 42002

**23.09.2018**

4:00 pm : St.Francis Xavier Unit - Mr.P.L.Jose, Thathrathil Ponmani House, 95858 79306
6:45 pm : St.Mary's Unit - Mr.Antony Joseph, Njarekadan House, 88073 20569
6:45 pm : St.Vincent De Paul Unit - Mrs. Valsa Poulose, Chittattukara House, 93458 50535

## പ്രതിനിധി യോഗം

ഓഗസ്റ്റ് 19-ാം തിയതി ചേർന്ന പ്രതിനിധി യോഗത്തിൽ എട്ട് നോമ്പിലെ ആരാധനക്രമങ്ങളുടെ സമയ ക്രമീകരണങ്ങളും തിരുനാൾ ആഘോഷവും ചർച്ച ചെയ്യപ്പെട്ടു. വലിയ ആഘോഷങ്ങളും ആർഭാടങ്ങളും ഒഴിവാക്കി തിരുനാൾ കൊണ്ടാടണമെന്നാണ് യോഗം തീരുമാനിച്ചത്.

## സീറോ മലബാർ മാതൃവേദി

ആഗസ്റ്റ് 12 ന് മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗ് കൂടുകയും, അന്നേ ദിനം 'കുടുംബത്തിൽ ഒരു അമ്മ' എന്ന ആശയത്തെ ആസ്പദമാക്കി നടത്തിയ സെമിനാറിന് ശ്രീമതി. ബീന ജോൺ (റിട്ട. പോലിസ് ഓഫീസർ) നേതൃത്വം നൽകുകയും ചെയ്തു. കുടുംബത്തിലെ അമ്മ നേരിടേണ്ടി വരുന്ന വെല്ലുവിളികളും അതിന് പ്രായോഗികമായ പ്രതിവിധികളും സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ ബീനാ മാഡം വിശദീകരിച്ചു തന്നു.

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ദിനമായ ആഗസ്റ്റ് 15ന് മാതൃദിനമായി മാതൃവേദി അംഗങ്ങൾ ആഘോഷിച്ച് നേർച്ച വിതരണം ചെയ്തു.

സെപ്റ്റംബർ 8ന് മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് നേർച്ച തയ്യാറാക്കുന്നത് മാതൃവേദിയുടെ നേതൃത്വത്തിലാണ്. എല്ലാ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

സെപ്റ്റംബർ മാസത്തെ രണ്ടാമത്തെ ഞായറാഴ്ച 8.30 നുള്ള വി.കുർബാനയ്ക്ക് ശേഷം മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗ് ഉണ്ടായിരിക്കും. എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് താൽപര്യപ്പെടുന്നു.

## എട്ടു നോമ്പിന്റെ ചരിത്രവും അമ്മത്തണലും

ആദിമകാലം മുതൽ പരിശുദ്ധ കന്യകാമറിയത്തിന് സഭയുടെ പാരമ്പര്യങ്ങളിലും, ആരാധനകളിലും അഭേദ്യവും, അതുല്യവുമായ സ്ഥാനമാണ് കൽപിച്ചുനൽകിയിട്ടുള്ളത്. രക്ഷകന്റെ അമ്മയായും, സഭയുടെ മാതാവായും, നിത്യകന്യകയായും നാമവളെ വണങ്ങുന്നു. കത്തോലിക്കാ യാക്കോബായ വകഭേദമില്ലാതെ ഇന്നും സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ പരിശുദ്ധ മറിയത്തിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് സെപ്റ്റംബർ 1 മുതൽ 8 വരെയുള്ള തിയ്യതികളിൽ സഭ എട്ട് നോമ്പ് ആചരിച്ചു പോരുന്നു. പരിശുദ്ധ അമ്മയോടുള്ള ബഹുമാനവും, ഭക്തിയും, വണക്കവും വർദ്ധിപ്പിക്കുവാൻ സുറിയാനി ക്രൈസ്തവർ ഈ നോമ്പിനെ അവരുടെ നെഞ്ചോട് ചേർത്തു പിടിക്കുന്നു.

എട്ടു നോമ്പിന്റെ ആരംഭത്തിനുപിന്നിലുള്ള ചരിത്രം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തുടങ്ങിയതാണ്. മതമർദ്ദനം സഹിക്കവയ്യാതെ മലബാറിൽ നിന്നും പാലായനം ചെയ്ത് തിരുവിതാംകൂറിൽ എത്തിയ ക്രിസ്ത്യാനികളും ഹിന്ദുക്കളും ആക്രമിക്കുവാൻ ടിപ്പു തിരുവിതാംകൂറിലേക്ക് പടപ്പുറപ്പാട് നടത്തുന്നു. സ്ത്രീകളുടെ മാനം കവരുന്നതിൽ കുപ്രസിദ്ധിനേടിയ ടിപ്പുവിന്റെ സൈന്യത്തെ ഭയന്ന് സുറിയാനി ക്രിസ്ത്യാനികളായ സ്ത്രീകളെല്ലാവരും തങ്ങളുടെ ചാരിത്ര്യം സംരക്ഷിക്കപ്പെടുന്നതിനായി പരിശുദ്ധ അമ്മയുടെ പ്രത്യേക മാധ്യസ്ഥം യാചിച്ചുകൊണ്ട് കഠിനമായി ഉപവാസം അനുഷ്ഠിക്കുവാൻ തുടങ്ങി. ഈ ഉപവാസ പ്രാർത്ഥനയാണ് കഴിഞ്ഞ മാസത്തിൽ പ്രളയകാലത്ത് കരകവിഞ്ഞൊഴുകി വൻനാശം വിതച്ച പെരിയാർ നദിയുടെ 18-ാം നൂറ്റാണ്ടിലെ കരകവിയലിന് കാരണമായത്. പെരിയാർ നദി കടക്കാൻ കഴിയാതെ മടങ്ങിപോയ ടിപ്പു ബ്രിട്ടിഷുകാരുമായുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ടതോടെ തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾക്ക് ആശ്വാസമായി. പരിശുദ്ധ മറിയത്തിന്റെ മധ്യസ്ഥതയിൽ തങ്ങൾക്ക് ലഭിച്ച പ്രത്യേക അനുഗ്രഹത്തിന്റെ സ്മരണക്കായി അന്നു മുതൽ എട്ടുനോമ്പനുഷ്ഠിക്കുന്നത് സുറിയാനി ക്രൈസ്തവരുടെ പതിവായിത്തീർന്നു.

പരിശുദ്ധ അമ്മയോട് കൂടെയിരുന്ന് നാം പ്രാർത്ഥിക്കണം. അപ്പോഴാണ് പ്രാർത്ഥനയുടെ മനോഹാരിതയും, സൗരഭ്യവും ആസ്വദിക്കാൻ കഴിയുക. ജപമാല ചൊല്ലുമ്പോൾ നാം യേശുവിന്റെ ജീവിതവഴിത്താരയിലൂടെയാണ് പ്രയാണം ചെയ്യുന്നത്. ജീവിതപ്രശ്നങ്ങൾ കീറാമുട്ടികളായി നമ്മെ അലട്ടുമ്പോൾ വിശ്വസ്തതയോടെ അണയാവുന്ന സ്ഥലമാണ് അമ്മത്തണൽ. കാരണം നമ്മുടെ അമ്മ നമ്മെപ്പോലെ ഭൂമിയിൽ ജീവിച്ച് നിരവധി പ്രതിസന്ധികളും ഗുരുതരപ്രശ്നങ്ങളും നിശബ്ദമായി തരണം ചെയ്ത് കടന്നു പോയവളാണ്. മറ്റാരെയുംകാൾ നമ്മെയും നമ്മുടെ പ്രശ്നങ്ങളെയും മനസ്സിലാക്കുവാനും പരിഹാരം കാണുവാനും പരിശുദ്ധ അമ്മയോളം പറ്റിയ മറ്റൊരു വ്യക്തി ഇല്ല. അമ്മ പ്രശ്നങ്ങളെ നിമിഷ വേഗത്തിൽ എടുത്തു മാറ്റും എന്നല്ല പറയുന്നത്, പ്രത്യുത അപരിഹാര്യമായ വിഷമസന്ധികളെ ശാന്തതയോടും, ധീരതയോടും കൂടെ അതിജീവിക്കാനുള്ള ഉൾക്കരുത്ത് പ്രദാനം ചെയ്യാൻ പരിശുദ്ധ അമ്മക്ക് കഴിയും. അതായത് നമ്മുടെ സഹനങ്ങളിൽ ദൈവീകമായ ഉൾക്കാഴ്ചകൾ തന്ന് അമ്മ നമ്മെ ശക്തിപ്പെടുത്തും. തീവ്രമായ ആഗ്രഹത്തോടെ നിരന്തരമായി പരിശ്രമിച്ചാൽ മാത്രമേ പുണ്യങ്ങളാൽ അലങ്കരിക്കപ്പെട്ട നിത്യതയുടെ കിരീടം ഈ യാത്രയ്ക്ക് ഒടുവിൽ നമുക്ക് കരസ്ഥമാക്കാൻ സാധിക്കൂ. സർവ്വോത്കൃഷ്ടമായ മൂന്ന് കാര്യങ്ങളാണ് വിശുദ്ധിയുടെ നിത്യകിരീടം ലഭിക്കാൻ ആവശ്യമായിട്ടുള്ളത്. ഒന്ന്, പാപസാഹചര്യങ്ങളിൽ നിന്നും അകന്ന് നിൽക്കുക, രണ്ട്, പുണ്യങ്ങളിൽ അഭിവൃദ്ധി പ്രാപിക്കുക, മൂന്ന്, സ്ഥിരോത്സാഹത്തോടെ വിശ്വാസത്തിൽ ഉറച്ചുനിൽക്കുക. അമ്മയിലൂടെ യേശുവിലേക്ക് തുടങ്ങിവെച്ച ആത്മീയയാത്ര അത്യുത്സാഹത്തോടെ നമുക്ക് പൂർത്തിയാക്കാം.

ക്ലാരാ ആന്റണി, മാതൃസംഘം പ്രസിഡന്റ്, ഗാന്ധിപുരം ഇടവക.

# ഹോളി ഫാമിലി മിഷൻ സെന്റർ വാർത്തകൾ

## പിതൃവേദി

പിതൃവേദിയുടെ ജനറൽ ബോഡി യോഗം 12.08.2018ന് കൂടുകയുണ്ടായി. കേരളത്തിൽ നടന്നു കൊണ്ടിരിക്കുന്ന പ്രളയത്തെപ്പറ്റിയും ഈ ദിവസങ്ങളിൽ പോകാൻ തീരുമാനിച്ചിരുന്ന വിനോദ യാത്രയെ സംബന്ധിച്ചുമായിരുന്നു യോഗത്തിൽ ചർച്ച നടന്നത്. കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നടത്താനിരുന്ന വിനോദ യാത്ര വേണ്ടെന്നു വെക്കുകയും പ്രസ്തുത ആവശ്യത്തിനായി മാറ്റിവച്ചിരുന്ന തുക ദുരിതാശ്വാസത്തിനായി നൽകുവാൻ ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തു.

## മാതൃവേദി

എട്ട് നോമ്പിനുള്ള ഒരുക്കമായി മാതൃവേദിയുടെ അംഗങ്ങൾ 06.08.2018ന് ബഹു. വികാരിയച്ചന്റെയും കൊച്ചച്ചന്റെയും നേതൃത്വത്തിൽ വല്ലാർപാടം പള്ളിയിലേക്ക് തീർത്ഥയാത്ര നടത്തുകയും പ.അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കുകയും ചെയ്തു. കര - ജല - വ്യോമ മാർഗ്ഗങ്ങളിലൂടെ നടത്തിയ വ്യത്യസ്തമായ യാത്രാനുഭവം ഏവർക്കും സന്തോഷം നൽകി. നേതൃത്വം നൽകിയ ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

## അൾത്താരബാലസംഘം

അൾത്താരബാലസംഘം വി. ജോൺ ബർക്കുമൻസിന്റെ തിരുനാൾ 19.08.2018 ന് മിഷൻ സെന്ററിൽ ആഘോഷിച്ചു. അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബർക്കുമൻസിനെ കൂടുതൽ അറിയുവാനും സ്നേഹിക്കുവാനും ഈ തിരുനാൾ ആഘോഷം അവരെ സഹായിച്ചു. ദിവ്യബലിയിൽ അൾത്താര ബാലന്മാർ കാഴ്ച സമർപ്പണം നടത്തി ദൈവാനുഗ്രഹം സ്വീകരിച്ചു. അന്നത്തെ നേർച്ചയുടെ ചിലവുകൾ പുതുതായി ഈ സംഘടനയിലേക്ക് ചേർന്നവരുടെ മാതാപിതാക്കൾ ഏറ്റെടുത്തു.

## 28th Wedding Anniversary

**16.09.2018**




Best Wishes From:

**Rophy Francis, Ciliya Rophy, Ryan Rophy, Sinto P Davis**

## വിശ്വാസ വഴിയിലെ സംശയങ്ങൾ

1. വി.കുർബാനയിൽ വൈകി പങ്കെടുത്താൽ വി.കുർബാന സ്വീകരിക്കാമോ ?

എന്തുകൊണ്ട് വൈകി എന്നതാണ് പ്രധാനപ്പെട്ട കാര്യം. അലസതയും, താത്പര്യകുറവുമാണോ? തക്കതായ കാരണത്താലാണ് വൈകിയതെങ്കിൽ (ഉദാ.: വണ്ടി അപകടം, രോഗി ശ്രുശ്രൂഷ) വിശുദ്ധ കുർബാന സ്വീകരിക്കുന്നതിൽ തെറ്റില്ല. കുറ്റകരമായ അനാസ്ഥയാണ് കാരണമെങ്കിൽ വി.കുർബാന സ്വീകരണം ഒരു ചടങ്ങു മാത്രമായി അധഃപതിക്കും.

## Marian Knowledge

1. What is the meaning of the word Mary (Mariam)?
   Lady, Ocean, Princess, Wholeness.
2. What is the meaning of the Portugal word "Kondha" (rosary)?
   Counting, calculating, beads of the rosary.
3. What is the meaning of the word Litany?
   A series of repetitive prayer
4. In which place is the highest number of Marian apparition recorded?
   Lourdes, 18 times
5. Name the pope who officially approved the mysteries of the holy rosary?
   Pope Pius V in 1569
6. Who composed the litany of Mother Mary?
   St Lawrence
7. How many times is Mother Mary mentioned in Quran?
   36 times
8. What do the 12 stars in the crown of Mother Mary denote?
   12 tribes
9. When was the apparition of mother Mary in Vellankanni, India recorded?
   1612
10. To whom did Mother Mary appear and gave the holy rosary?
    St. Dominic

## മാതാവിന്റെ ജനന തിരുനാൾ

മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ എല്ലാവരും എല്ലാ ദിവസവും വി.കുർബാനയിലും നൊവേനയിലും സംബന്ധിച്ച് പരിശുദ്ധ അമ്മയുടെ അനുഗ്രഹം ജീവിതത്തിൽ പ്രാപിക്കട്ടെ എന്ന് ഓർമ്മപ്പെടുത്തുന്നു. സെപ്റ്റംബർ 1-ാം തിയ്യതി മുതൽ 7-ാം തിയ്യതി വരെ മിഷൻ സെന്ററിൽ വിശുദ്ധ കുർബാനയും, ലദീഞ്ഞും, നൊവേനയും, ജപമാലയും ഉണ്ടായിരിക്കും. 8-ാം തിയ്യതി ഗാന്ധിപുരത്ത് വച്ചു സംയുക്തമായി തിരുനാൾ ആചരിക്കും.

## കുടുംബ സമ്മേളനങ്ങൾ

Time : 4:00 pm

09.09.2018 St. Antony Unit - Mr.Shelton Thomas, Moolakunnath House, 94431 53750

16.09.2018 St.George Unit - Mr.James Elavuthingal, 99521 65765

St. Peter Unit - Mr.Sebastian Mulavarickal House, 73738 52941

23.09.2018 St.John Maria Vianney Unit - Mr.Antony Jose, Karimaruthungal House 8606860324

## 3rd Death Anniversary

He who believes in the son of God has eternal life (Jn 3.36)

**10.09.2018**




**C.V. FRANCIS**

*Cheruvathur House*

**BEETEX INDUSTRIES**

## 38th Death Anniversary

He who believes in the son of God has eternal life (Jn 3.36)



**4.09.2018**

**T.A. LONAPPAN**

*Thathrathil Ponmani House*

P.N.Palayam,
Coimbatore - 37.

ഇടവക പത്രികയിൽ ജന്മദിനത്തിന്റേയും, വിവാഹവാർഷികത്തിന്റേയും, മരണദിനത്തിന്റേയും അനുസ്മരണം പങ്കു വയ്ക്കാവുന്നതാണ്. ഇതിനായുള്ള സ്പെയിസും, നിരക്കും പരസ്യപ്പെടുത്തുന്നു.

3" X 2" = 6sq.inch Rs.500/-    4" X 4" = 16sq.inch Rs.1,200/-
6" X 4" = 24sq.inch Rs.1,800/-

JP GRAPHICS, 98945 85551